I/8630/2023

കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
celkerala@gmail.com
Website: www.celkerala.gov.in

An IS 15700 : 2018 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫിസ് നടപടിക്രമം**
**ഹാജർ : അനിൽകുമാർ വി സി**

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനക്കാര്യം- ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലർക്ക് തസ്തികകളിൽ സ്ഥാനക്കയറ്റം നടത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 07.02.2023 ലെ CEi/16870/2023-E2 നമ്പർ ഉത്തരവ്
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 02.08.2022 ലെ സി.ഇ.ഐ/15931/2022-ഇ3 നമ്പർ ഉത്തരവ്
3. 17.02.2020 ലെ PWR-A3/109/2018-Power നമ്പർ സർക്കാർ കത്ത്.

<u>ഉത്തരവ് നമ്പർ ഇ2 -02/2023/ സി ഇ ഐ തീയതി 13.02.2023</u>

തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് (ഹ .ഗ്രേ )ശ്രീമതി. ശ്രീദേവിക്കുട്ടി കെ എം -നു പരാമർശം (1) ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് തസ്തികമാറ്റം മുഖേന സ്ഥാനക്കയറ്റം നൽകിയതിന്റെ ഫലമായി 06/02/2023 പൂർവാഹ്നം മുതൽ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിൽ ജൂനിയർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച ഹെഡ് ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ സീനിയർ ആയിട്ടുള്ള എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ്ക്ലാർക്ക് ശ്രീ. പ്രദീപ് നാഥ് എ ആർ നാണ് അർഹതയുള്ളത്. ടി ഉദ്യോഗസ്ഥൻ ഹെഡ് ക്ലർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതാകുന്നു.

വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കും എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്ന് താൽക്കാലിക പ്രമോഷൻ നൽകുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന വിലക്കിൽ ഇളവ് നൽകി ഭാവിയിൽ സമാനമായ കേസുകളിൽ ഹെഡ് ക്ലർക്ക് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് കെ.എസ് & എസ്.എസ്.ആർ ഭാഗം II, ചട്ടം 31(a)(i) പ്രകാരം ജൂനിയർ സൂപ്രണ്ടായി താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് പരാമർശം (3) കത്ത് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ശ്രീ. പ്രദീപ് നാഥ് എ ആർ( PEN 124594 ) ഹെഡ്ക്ലാർക്ക് തസ്തികയിൽ റഗുലർ സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥനാണ്. ഈ സാഹചര്യത്തിൽ, എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. പ്രദീപ് നാഥ് എ ആർ ന് ഹെഡ്ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II, ചട്ടം 31(a)(i)

പ്രകാരം 43400-91200/- രൂപ ശമ്പളനിരക്കിൽ ജൂനിയർ സൂപ്രണ്ടായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ടും, ടിയാനെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

താൽക്കാലിക സ്ഥാനക്കയറ്റം ലഭിക്കുന്ന ശ്രീ. പ്രദീപ് നാഥ് എ ആർ ന്റെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സേവനകാലം കെ.എസ് & എസ്.എസ്.ആർ ഭാഗം II, ചട്ടം 18(e) യിലെ വ്യവസ്ഥ പ്രകാരം ഹെഡ്ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലം പൂർത്തീകരിക്കുന്നതിനായി കണക്കാക്കുന്നതാണ്. ഹെഡ്ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ച് ജൂനിയർ സൂപ്രണ്ട് തസ്തികയിലെ താൽക്കാലിക സ്ഥാനക്കയറ്റം റഗുലറൈസ് ചെയ്യുന്ന തീയതി മുതൽ ടിയാന്റെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊബേഷൻ ആരംഭിക്കുന്നതായിരിക്കും.

ശ്രീ. പ്രദീപ് നാഥ് എ ആർ- ന് ജൂനിയർ സൂപ്രണ്ട് ആയി സ്ഥാനക്കയറ്റം നൽകുന്നത് മൂലം ഹെഡ് ക്ലാർക്ക് തസ്തികയിൽ നിലവിൽ വരുന്ന ഒഴിവിൽ, സീനിയർ ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ഏറ്റവും സീനിയർ ആയിട്ടുള്ള കോട്ടയം ജില്ലാ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി. ജയ്സറ്റ് എ മാത്യുവിന്( PEN 223708) 39300- 83000/- രൂപ ശമ്പളനിരക്കിൽ ഹെഡ്ക്ലർക്ക് ആയി റഗുലറായി സ്ഥാനക്കയറ്റം നൽകി എറണാകുളം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഈ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള OP(KAT) 44/2018 നമ്പർ കേസിലെ അന്തിമവിധിക്ക് വിധേയമായിരിക്കുന്നതാണ്.

**Signed by Anil Kumar V C**
**Date: 13-02-2023 16:50:00**

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മേലധികാരി മുഖേന)

പകർപ്പ്

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, എറണാകുളം
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ , കോട്ടയം
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ / അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി എ
4. എ /ഇ 3 സെക്ഷൻ
5. കരുതൽ/ അധികം